പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1577 06.03.2020-ലെ മറുപടിക്ക്

# ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ പ്രാധാന്യമുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു വരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി, പരസ്യ ലേലം / ടെണ്ടർ നടപടിയിലൂടെ കോർപ്പറേഷന്റെ ബസ് സ്റ്റേഷനുകളിലും, കോർപ്പറേഷന്റെ അധീനതയിലുള്ള വസ്തുവിലും, ക്യാന്റീൻ, സ്റ്റാളുകൾ, ശൗചാലയങ്ങൾ, ബസിലെയും, ബസ് സ്റ്റേഷനിലെയും പരസ്യങ്ങൾ, കൊറിയർ സംവിധാനം, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയ്ക്കായി പ്രതിമാസ ലൈസൻസ് തുകയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നല്കി കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. |
| (ബി) | ബസ് സ്റ്റേഷനുകളിലെ വ്യാപാര സമുച്ചയ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലം നിർമ്മാണം നടന്നു കൊണ്ടിരുന്ന വാണിജ്യ സമുച്ചയങ്ങളുടെ കരാറുകാർക്ക് ബിൽ തുക നൽകുവാൻ കഴിയാത്തതിനാൽ ടി പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ മറ്റ് ഡിപ്പോകളിൽ വ്യാപാര സമുച്ചയ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ